പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1587 06.03.2020 -ലെ മറുപടിക്ക്

**ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ**

ചോദ്യം മറുപടി

ശ്രീ.കെ.എൻ.എ ഖാദർ ശ്രീ. എ.കെ.ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള ദീർഘദൂര സൂപ്പർക്ലാസ് ബസുകളുടെ കാലപരിധി കഴിഞ്ഞതുമൂലം ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിൽ കെ.എസ്.ആർ.ടി.സി.ക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നീ ശ്രേണിയിലുള്ള ബസ്സുകളുടെ കാലപരിധി 7 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ കാലപരിധി കഴിഞ്ഞതുമൂലം ദീർഘദൂര സർവ്വീസുകൾ റദ്ദ് ചെയ്യുന്നില്ല. |
| (ബി) | ഇപ്രകാരം എത്ര ബസുകളാണ് കാലപരിധി കഴിഞ്ഞതിനാൽ നിരത്തിലിറക്കാൻ കഴിയാത്തതെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ സർവ്വീസ് നടത്തുന്ന 6 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, 114 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എന്നിവ 7 വർഷക്കാലാവധി പൂർത്തിയാകുന്നുണ്ട്. കാലാവധി പൂർത്തിയായവ ഓർഡിനറി ബസ്സുകളായി മാറ്റം ചെയ്ത് സർവ്വീസ് നടത്തി വരുന്നു. |
| (സി) | ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | കിഫ്ബിയിൽ നിന്നും വായ്പ ലഭ്യമാക്കി പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**